പതിമൂന്നാം കേരള നിയമസഭ

<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത</u> <u>04.07.2012 ൽ മറുപടിയ്ക്ക്</u>

<u>നിയമസഭാ ചോദ്യം നം:</u> **5088**

**<u>ഇടുക്കിയിലെ അനീഷ് രാജിന്റെ കൊലപാതകകേസ്</u>**

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഇടുക്കിയിലെ എസ്.എഫ്.ഐ. നേതാവ് അനീഷ് രാജിന്റെ കൊലപാതകം സംബന്ധിച്ച് അന്വേഷിക്കാൻ സ്പെഷ്യൽ ടീമിനെ നിയോഗിക്കും എന്ന് ആഭ്യന്തര വകുപ്പുമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) & (ബി) | സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം അനീഷ് രാജിന്റെ കൊലപാതകം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത നെടുങ്കണ്ടം പോലീസ് സ്റ്റേഷൻ ക്രൈം 253/2012 എന്ന കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീമതി. ബി. സന്ധ്യ ഐ.പി.എസ്.ന്റെ മേൽനോട്ടത്തിൽ നടത്താൻ ഉത്തരവായിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രഖ്യാപനമനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | | |
| (സി) സ്പെഷ്യൽ ടീം ആരുടെ നേതൃത്വത്തിൽ, ആരെല്ലാം അടങ്ങുന്നതാണെന്ന് വിശദമാക്കുമോ ; കൊലപാതകം നടന്ന് എത്ര നാളുകൾക്ക് ശേഷമാണ് സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നത് ; | (സി) | പ്രസ്തുത കേസിന്റെ അന്വേഷണത്തിന് ക്രൈംബ്രാഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീമതി. ബി. സന്ധ്യ ഐ.പി.എസ്.ന്റെ മേൽനോട്ടത്തിൽ എറണാകുളം ക്രൈംബ്രാഞ്ച് HHW-II, പോലീസ് സൂപ്രണ്ട് ശ്രീ. കെ.ജി. സൈമണിന്റെ കീഴിൽ HHW-II, കോട്ടയം സബ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ആർ. അനിൽ കുമാർ, ഡിറ്റക്ടീവ് ഇൻസ്പെക്ടർ ശ്രീ. കെ. സജി, എറണാകുളം HHW-II-ലെ ഡിറ്റക്ടീവ് ഇൻസ്പെക്ടർ ശ്രീ. എ.ജെ. ജോർജ്, ശ്രീ. വി.കെ. രാജു എന്നിവരെ ഉൾപ്പെടുത്തി ഒരു പ്രത്യേക അന്വേഷണ |

സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

അന്വേഷണ സംഘത്തെ മൂന്ന് മാസങ്ങൾക്കു ശേഷമാണ് നിയോഗിച്ചത്.

(ഡി) അനീഷ് രാജിന്റെ കൊലപാതക കേസിൽ എഫ്.ഐ.ആറിൽ പേരുള്ള എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി ; അവശേഷിക്കുന്നവർ ആരൊക്കെയാണ് ; എഫ്.ഐ. ആറിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

(ഡി) അനീഷ് രാജിന്റെ കൊലപാതകം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.ൽ പേരുള്ള രൂപേഷ്, അഭിലാഷ് എന്നിവരെ അറസ്റ്റ് ചെയ്തു. സോജൻ, രാജേഷ്, സന്തോഷ് എന്നിവർ കൃത്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് നാളിതുവരെ അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല. എഫ്.ഐ.ആർ.ൽ പറഞ്ഞിരിക്കുന്ന കണ്ടാലറിയാവുന്ന മറ്റ് നാലു പേർ ആരെല്ലാമാണെന്ന് നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല. എഫ്.ഐ.ആർ.ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**